# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 14, ബുധൻ

**നമ്പർ 114**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയങ്ങൾ, വരൾച്ച, നാണ്യ വിളകളുടെ വിലയിടിവ് എന്നിവമൂലം കർഷകർ അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. എം. മാണി ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) കേന്ദ്രസർക്കാർ മതിയായ തുക അനുവദിക്കാത്തതിനാൽ സംസ്ഥാനത്തെ ഓഖി ദുരന്തബാധിതരുടെ പുനരധിവാസം നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. ദാസൻ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് നോക്കുകൂലി നിരോധിക്കുന്നതിനായി നിയമം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പാറക്കൽ അബ്ദുല്ല തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 808/2018(i).

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല<br>ശ്രീ. ബി. ഡി. ദേവസ്സി | വാഴച്ചാൽ-പരിയാരം മേഖലകളിലെ കാട്ടുതീ | വനവും മൃഗസംരക്ഷണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. സി. ജോസഫ് | കാർഷിക വായ്പകളുടെ ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പുരുഷൻ കടലുണ്ടി | ബാലുശ്ശേരിയിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. പി. സജീന്ദ്രൻ | കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടം | മുഖ്യമന്ത്രി |
| 5 | ശ്രീ. ഒ. ആർ. കേളു | പട്ടികവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. അനൂപ് ജേക്കബ് | ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. അബ്ദുൽ ഹമീദ്. പി. | മൂന്നിയൂർ, ചേലമ്പ്ര ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. മുല്ലക്കര രത്നാകരൻ | ഗതാഗത നിയമങ്ങളുടെ അവബോധം | ഗതാഗത വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീമതി യു. പ്രതിഭ ഹരി | ദേശീയപാതയിലെ ഓച്ചിറ ചേപ്പാട് ഭാഗത്ത് റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. സി. മമ്മൂട്ടി | തിരൂർ പൊൻമുണ്ടം ബൈ പാസ്സ് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 11 | ശ്രീ. എ. എം. ആരിഫ് | പെരുമ്പളം പഞ്ചായത്തിലെ ജംഗാർ കെ.എസ്.ഐ.എൻ.സി.-ക്ക് കൈമാറുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ചട്ടത്തിന് ഭേദഗതികളുടെ പരിഗണന :

2017 ഡിസംബർ 12-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 76/2017/എച്ച് & എഫ്ഡബ്ല്യുഡി (എസ്.ആർ.ഒ. നമ്പർ 805/2017) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2017-ലെ ദി കേരള പബ്ലിക് ഹെൽത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന് ശ്രീ. സി. മമ്മൂട്ടി 1,2,3 എന്നീ ഭേദഗതികളും, ശ്രീ. പി. കെ. ബഷീർ 4-ാം നമ്പർ ഭേദഗതിയും അവതരിപ്പിച്ചു. ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മറുപടി പറഞ്ഞു. അവതരിപ്പിച്ച ഭേദഗതികളിൽ താഴെപ്പറയുന്ന 2, 3 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു:

1. The second entry in Column I to item 4 in the Table of clause 4 shall be substituted as follows:— "(B)Field Assistant/Insect Collector"

2. In the "Note" in Column (3) to the second entry in Column (I) of item 4 in the Table of clause 4, the words and symbols "with Multi Purpose Workers Training/Health Inspector Course/Sanitary Inspector Course " shall be deleted and in "Note" add the following:

"The Employees promoted as field assistant/insect collector based on the above provisions shall undergo multi purpose workers Training immediately".

<u>ആദരാഞ്ജലി:</u>

പ്രശസ്ത ഭൗമ ശാസ്ത്രജ്ഞനും പ്രപഞ്ച ഗവേഷകനുമായ സ്റ്റീഫൻ ഹോക്കിംഗിന്റെ നിര്യാണത്തിൽ സഭ ആദരാഞ്ജലികൾ അർപ്പിച്ചു

<u>ധനകാര്യം:</u>

<u>2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം യഥാക്രമം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും അവതരിപ്പിച്ചു

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 12, 14, 20, 24, 25, 30 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XL-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 5, 8, 10, 20 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. സി. കെ. നാണു

ശ്രീ. പി. സി. ജോർജ്

ശ്രീ. എൻ. വിജയൻ പിള്ള

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എം. മുകേഷ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എ. എം. ആരിഫ്

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ഷാഫി പറമ്പിൽ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XV, XL എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2018 മാർച്ച് 15-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.19-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Tenth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, March 14, 2018*

**No. 114**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Agriculture, the Speaker withheld consent to the moving of an adjournment motion given notice of by Shri K. M. Mani regarding the reported difficulties faced by the farmers due to the indiscreet policies of Central and State Governments drought and fall in price of cash crops.

In protest against the attitude of the Government in this matter the Members belonging to the opposition staged a walk out.

*Calling Attention:*

(1) Shri K. Dasan called the attention of the Minister for Fisheries, Harbour Engineering and Cashew Industry to the necessity to solve the crisis faced in the rehabilitation of victims of Ockhi disaster, due to non-allocation of sufficient fund by the Central Government. The Minister made a statement thereto.

(2) Shri Parakkal Abdulla called the attention of the Minister for Labour and Excise to the necessity to enact law for prohibiting 'Nokkukooli' in the State. The Minister made a statement thereto.

KNPP. 808/2018(ii).

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല<br>ശ്രീ. ബി. ഡി. ദേവസ്സി | വാഴച്ചാൽ-പരിയാരം മേഖലകളിലെ കാട്ടുതീ | വനവും മൃഗസംരക്ഷണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. സി. ജോസഫ് | കാർഷിക വായ്പകളുടെ ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പുരുഷൻ കടലുണ്ടി | ബാലുശ്ശേരിയിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. പി. സജീന്ദ്രൻ | കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടം | മുഖ്യമന്ത്രി |
| 5 | ശ്രീ. ഒ. ആർ. കേളു | പട്ടികവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. അനൂപ് ജേക്കബ് | ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. അബ്ദുൽ ഹമീദ്. പി. | മൂന്നിയൂർ, ചേലമ്പ്ര ഗ്രാമ പഞ്ചായത്തുകളിലെ കടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. മുല്ലക്കര രത്നാകരൻ | ഗതാഗത നിയമങ്ങളുടെ അവബോധം | ഗതാഗത വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീമതി യു. പ്രതിഭ ഹരി | ദേശീയപാതയിലെ ഓച്ചിറ ചേപ്പാട് ഭാഗത്ത് റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. സി. മമ്മൂട്ടി | തിരൂർ പൊൻമുണ്ടം ബൈ പാസ്സ് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 11 | ശ്രീ. എ. എം. ആരിഫ് | പെരുമ്പളം പഞ്ചായത്തിലെ ജംഗാർ കെ.എസ്.ഐ.എൻ.സി.-ക്ക് കൈമാറുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Amendment to Rule:*

Shri C. Mammutty moved amendments No. 1, 2 and 3 and Shri P. K. Basheer moved amendment No. 4 to the Kerala Public Health Subordinate Service Special Rules, 2017 (G.O.(P) No.76/2017/H&FWD dated 12-12-2017 (S.R.O.No.805/2017). Smt. K. K. Shailaja Teacher, Minister for Health And Social Justice replied to the points raised during the discussion. The following amendments 2 and 3 moved were accepted:

(1) The second entry in Column 1 to item 4 in the Table of clause 4 shall be substituted as follows:—"(B)Field Assistant/Insect Collector"

(2) In the "Note" in Column (3) to the second entry in Column (1) of item 4 in the Table of clause4, the words and symbols "with Multi Purpose Workers Training/Health Inspector Course/Sanitary Inspector Course" shall be deleted and in "Note" add the following:

"The Employees promoted as field assistant/insect collector based on the above provisions shall undergo multi purpose workers Training immediately".

*Homage:*

The House paid homage to Stephen Hwaking, the renowned Physicist and Cosmologist on his demise.

*Financial Business:*

Discussion and Voting on Demands for Grants in the Budget for the financial year 2018-2019.

Shri G. Sudhakaran, Minister for Public Works and Registration moved Demand No. XV-Public Works and Shri Ramachandran Kadannappalli, Minister for Ports, Museums and Archaeology moved Demand No. XL-Ports for the amounts shown against them under column No. 5 in the list of Demands for Grants respectively.

The Minister for Finance and Coir laid on the table statements under Rule 236 (3) with regard to these Demands.

The cut motion nos. 1, 12, 14, 20, 24, 25 and 30 in the list of cut motions for Demand No.XV and the cut motion nos. 5, 8, 10, and 20 in the list of cut motions for Demand No. XL were moved.

The following Members took part in the discussion:

Shri K. Suresh Kurup

Shri Adoor Prakash

Shri E. T. Taison Master

Shri N. A. Nellikkunnu

Shri C. K. Nanu

Shri P. C. George

Shri N. Vijayan Pillai

Shri V. K. C. Mammed Koya

Shri Mons Joseph

Shri M. Mukesh

Shri M. Vincent

Shri A. M. Ariff

Shri Murali Perunelly

Shri K. N. A. Khader

Smt E. S. Bijimol

Shri K. V. Abdul Khader

Shri Shafi Parambil

Shri G. Sudhakaran, Minister for Public Works and Registration and Shri Ramachandran Kadannappalli, Minister for Ports, Museums and Archaeology replied to the points raised during the discussion. The cut motions were declared lost. Then the Demand No. XV, and XL were put to vote and passed.

The House adjourned at 4.19 p.m. to meet again at 8.30 a.m on Wednesday, March 15, 2018.

V. K. BABU PRAKASH,
*Secretary.*